തുച്ഛവരുമാനക്കാരായ എക്സ്-സർവ്വീസുകാർക്കുകൂടി നടപ്പിലാക്കിക്കൊടുക്കണമെന്നുള്ളതാണ് ഈ സബ്മിഷനിലുള്ളത്. പട്ടണങ്ങളിൽ വീട്ടുകരത്തിൽനിന്ന് അവരെ ഒഴിവാക്കിയിട്ടുണ്ട്. ഗ്രാമങ്ങളിൽ താമസിക്കുന്ന പാവപ്പെട്ട എക്സ്-സർവ്വീസുകാരെക്കൂടി വീട്ടുകരം കൊടുക്കുന്നതിൽനിന്ന് ഒഴിവാക്കുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനാണ് ഈ സബ്മിഷനിലൂടെ ഞാൻ ശ്രമിക്കുന്നത്.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി *(ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി)*: വിമുക്തഭടന്മാരുടെ കാര്യത്തിൽ പ്രത്യേക താൽപ്പര്യമെടുക്കുന്ന ഒരു ഗവൺമെന്റാണ് ഇത്. ഗ്രാമപ്പഞ്ചായത്തുകളിൽക്കൂടി വിമുക്തഭടന്മാരുടെയും അവരുടെ വിധവകളുടെയും യഥാർത്ഥ താമസത്തിനായി ഉപയോഗിക്കുന്ന വീടുകളുടെ വീട്ടുകരം അടയ്ക്കുന്നതിൽ നിന്ന് 2004-05 രണ്ടാം അർദ്ധവർഷം മുതൽ അവരെ ഒഴിവാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 23-4-2005-ലാണ് ഈ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

(29) ഉടുമ്പൻചോല താലൂക്കിലെ ചിന്നക്കനാൽ ഗ്രാമപ്പഞ്ചായത്തിലെ ആദിവാസികൾ അനുഭവിക്കുന്ന കഷ്ടതകൾക്ക് പരിഹാരം

ശ്രീ. എ. കെ. മണി : മുൻ മുഖ്യമന്ത്രി ബഹുമാനപ്പെട്ട എ. കെ. ആന്റണി, വനവും വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി, മുൻ പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രി ഡോ. കൂട്ടപ്പൻ എന്നിവരൊക്കെ വന്ന് കൊട്ടിഘോഷിച്ച് കൊടുത്ത പട്ടയഭൂമിയിലാണ് മൂന്നു വർഷമായി ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ പൈൻ മരങ്ങൾ നട്ടുവളർത്തിക്കൊണ്ടിരിക്കുന്നത്. ഈ മരങ്ങൾ വെട്ടിമാറ്റാത്തതിനാൽ ഈ പാവപ്പെട്ട പട്ടികവർഗ്ഗക്കാർക്ക് കൃഷിചെയ്ത് ജീവിക്കാൻ യാതൊരു മാർഗ്ഗവുമില്ല. അവർ പട്ടിണിയിലാണ്. ഞങ്ങൾ, പട്ടികജാതി-പട്ടികവർഗ്ഗക്ഷേമം സംബന്ധിച്ച സമിതി അവിടെ പോയിരുന്നു. ഞങ്ങളുടെ മുന്നിൽ സ്ത്രീകളും കുട്ടികളുമൊക്കെ കരച്ചിലാണ്. ഒരു നിവൃത്തിയുമില്ല. ഈ മരങ്ങൾ വെട്ടിമാറ്റാത്തിടത്തോളം ഒരു കാരണവശാലും അവിടെ കൃഷി ചെയ്യാൻ പറ്റുകയില്ല. അതുകൊണ്ട് എത്രയും വേഗം ഗവൺമെന്റ് ബഹുമാനപ്പെട്ട ഫോറസ്റ്റ് മിനിസ്റ്ററുടെ ശക്തമായ ഇടപെടലോടുകൂടി ഈ മരങ്ങൾ വെട്ടിമാറ്റുന്നതിനുള്ള അനുമതി കൊടുക്കണം. അല്ലെങ്കിൽ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റുതന്നെ വെട്ടിമാറ്റിക്കൊണ്ടുപോകുന്നതിനുള്ള നടപടി എടുത്തുകൊണ്ട് ഈ പാവപ്പെട്ട പട്ടികവർഗ്ഗക്കാരെ സംരക്ഷിക്കണം എന്നുള്ളതാണ് എന്റെ സബ്മിഷൻ.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ)*: ഇതുസംബന്ധിച്ച് 8-6-2005-ൽ ഞാൻതന്നെ ഒരു യോഗം വിളിച്ചിരുന്നു. ചിന്നക്കനാലിലും മറ്റും ആദിവാസികൾക്ക് നൽകിയ ഭൂമിയിൽ വീട് വയ്ക്കാനും കൃഷി ആവശ്യങ്ങൾക്കും അവിടെയുള്ള പൈൻ മരങ്ങൾ തടസ്സമാകുന്നപക്ഷം ആദിവാസികൾ ആവശ്യപ്പെടുകയാണെങ്കിൽ അവ വനംവകുപ്പ് മുറിച്ചു മാറ്റിക്കൊടുക്കും. ഈ കാര്യത്തിലുള്ള സാങ്കേതികതടസ്സങ്ങൾ സർക്കാർ പരിഹരിച്ച് നൽകുകയും ചെയ്യും.

LIBRARY ARCHIVES Kerala Legislative Assembly